സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: അഞ്ജന ഐ എ എസ് )

ഉത്തരവ് നം. SJD/2009/2020-C4

തിരുവനന്തപുരം,
തീയതി. 23/03/2022

വിഷയം: സാമൂഹ്യനീതിവകുപ്പ്-ട്രാൻസ്ജെൻഡർ ക്ഷേമം-ട്രാൻസ്ജെൻഡർ ദമ്പതികൾക്കുള്ള വിവാഹ ധനസഹായം-2021-22 സാമ്പത്തിക വർഷം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1)സ.ഉ.(സാധാ)നം.605/2018/സാനീവ,തീയതി-25.10.2018
2.സ.ഉ.(സാധാ)നം.402/2021/സാനീവ,തീയതി-07.06.2021.
3)അഥർവ് എസ് പ്രസാദ്& അപർണ എ എസ്,ഹ്യതിക് എം &തൃപ്തി ഷെട്ടി എന്നീ ദമ്പതികൾ സമർപ്പിച്ച അപേക്ഷകൾ
4)G O (Rt)No.75/2022/SJD തീയതി 19/03/2022

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി സംസ്ഥാനത്താകമാനമുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർവതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി വിവിധ ക്ഷേമപദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾ നിയമപരമായി വിവാഹം ചെയ്ത് കുടുംബ ജീവിതം നയിക്കുവാൻ സന്നദ്ധരാകുന്ന പക്ഷം അവരുടെ സാമൂഹ്യ ജീവിതത്തിന്റെ തുടർച്ച സാധ്യമാക്കുന്നതിന് - വിവാഹധനസഹായം ഒരു പരിധി വരെ സഹായകരമാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 30,000/-രൂപ വിവാഹ ധനസഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി തുടരുന്നതിനും, ആയതിലേക്കായി 10 ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000/- രൂപ വീതം 3,00,000/- രൂപ ഫണ്ട് അനുവദിച്ചും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

നടപ്പ സാമ്പത്തിക വർഷം ടി പദ്ധതിയിലേക്ക് അപേക്ഷിച്ചിരുന്ന അഥർവ് എസ് പ്രസാദ്& അപർണ എ എസ് ദമ്പതികൾ ഒരു വർഷവും ഒരു മാസവും കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത് . ഹ്യതിക് എം &തൃപ്തി ഷെട്ടി എന്ന ദമ്പതികൾ യഥാസമയം അപേക്ഷിച്ചെങ്കിലും വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ല. പദ്ധതി മാനദണ്ഡപ്രകാരം വിവാഹശേഷം ആറു മാസത്തിനു ശേഷവും ഒരു വർഷത്തിനകവും ആണ് ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് . ആയതിനാൽ ടി ദമ്പതികളുടെ അപേക്ഷയിന്മേൽ കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്ത് ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള അഥർവ് എസ് പ്രസാദ് & അപർണ എ എസ് ദമ്പതികൾക്കും ഹ്യതിക് എം & തൃപ്തി ഷെട്ടി എന്ന ദമ്പതികൾക്കും 30,000/- രൂപ വീതം **ആകെ 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം** ) വിവാഹ ധനസഹായമായി അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും ചുവടെ ചേർക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത

നൽകേണ്ടതാണ്.

| SL NO. | COUPLES NAME | NAME OF ACCOUNT HOLDER | BANK NAME & BRANCH | ACCOUNT NO. | IFSC CODE | AMOUNT |
|---|---|---|---|---|---|---|
| 1 | ADHARV S. PRASAD & APARNA A S | ADHARV S. PRASAD | CANARA BANK, PARASUVAIKKAL | 40292610000399 | CNRB0014029 | 30,000/- |
| 2 | HRITHIK M & THRIPTHI SHETTY | THRIPTHI SHETTY | STATE BANK OF INDIA, ERNAKULAM | 20355847704 | SBIN0003539 | 30,000/- |
| | | | | | TOTAL | 60,000/- |

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-64 (പി) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്

പകർപ്പ് :

1. സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ
2. സൂപ്രണ്ട്, എ/ബി/പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ/സ്പെയർ കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്